4-66/est/19

## തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം
## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

**ഹാജർ – പി. ആർ. സജികുമാർ**

വിഷയം:- തസ്വഭവ – സാങ്കേതികവിഭാഗം – ജീവനക്കാര്യം – ശ്രീമതി. ആൻസി സന്തോഷ്, ഒന്നാം തരം ഓവർസിയർ – മാതൃ വകുപ്പിൽ തിരികെ പ്രവേശിപ്പിച്ച് ലാവണം നൽകിയ ഉത്തരവ് റദ്ദ് ചെയ്തത് – സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചത് – സംബന്ധിച്ച്.

സൂചന:- 1)കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ , എറണാകുളം റീജിയണൽ ഓഫീസറുടെ 09.10.2017-ലെ ആർ. ഇ. (IV) (3) 1181 / 2014 നമ്പർ നിയമന ശുപാർശ.

2)ഈ കാര്യാലയത്തിലെ 13/11/2017-ലെ ഇ9/3873/2017/സിഇ/എൽ.എസ്.ജി.ഡി നമ്പർ നിയമന ഉത്തരവ്.

3)ഒന്നാം തരം ഓവർസീയർ ശ്രീമതി. ആൻസി സന്തോഷിന്റെ 05/06/2018-ലെ അപേക്ഷ

4)05/06/2018 ലെ ഇടുക്കി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എ.ബി2/10/ ഐ.ഡി.കെ /ഡി.എൻ/18 നമ്പർ കത്ത്.

5)28.06.2018, 10.10.2018 എന്നീ തീയതികളിലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ കത്തുകൾ

6)മണ്ണ് പര്യവേഷണ സംരക്ഷണ ഡയറക്ടറുടെ 27.11.2018 ലെ ഇ(4) 11122/18 നമ്പർ കത്തും ഉത്തരവ്.

7)ഈ കാര്യലയത്തിലെ 21.12.2018 ലെ ഇതേ നമ്പർ ഉത്തരവ്.

8)ഈ കാര്യലയത്തിലെ 12.10.2018 ലെ ഇ3/4400/08/സിഇ/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ്.

9)മണ്ണ് പര്യവേഷണ സംരക്ഷണ ഡയറക്ടറുടെ 04.02.2019 ലെ ഇ(4) 11122/18 നമ്പർ കത്തും ഉത്തരവും

### ഉത്തരവ് നം. ഇ9/7742/2018/സിഇ/തസ്വഭവ, തീയതി : 24.03.2019

മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പിൽ വർക്ക് സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ച വരികെ പരാമർശം (1), (2) പ്രകാരം നിയമനം ലഭിച്ച് ഈ വകുപ്പിൽ 07.12.2017 മുതൽ ഒന്നാംതരം ഓവർസീയറായി സേവനമനുഷ്ഠിച്ച വരുകയായിരുന്ന ശ്രീമതി. ആൻസി സന്തോഷ്, പഴയ ലാവണത്തിലേക്ക് തിരിച്ചു പോകുന്നതിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ഈ ഓഫീസിൽ അപേക്ഷ പരാമർശം (3), (4) പ്രകാരം സമർപ്പിച്ചിരുന്നു. ആയതിനെ തുടർന്ന് സൂചന (5) പ്രകാരം ഈ ഓഫീസിൽ നിന്നും മണ്ണ് പര്യവേഷണ സംരക്ഷണ ഡയറക്ടർക്ക് കത്ത് സമർപ്പിച്ചിരുന്നു. സൂചന (6) പ്രകാരം ടിയാരിയെ, മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പിൽ തിരികെ പ്രവേശിപ്പിച്ചു കൊണ്ടും , ലാവണം നൽകിക്കൊണ്ടുമുള്ള ഉത്തരവ് തുടർ നടപടികൾക്കായി

ഈ ഓഫീസിൽ ലഭ്യമായതിനെ തുടർന്ന് ഈ വകുപ്പിൽ നിന്നും സൂചന (7) പ്രകാരം വിടുതൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതാണ്. എന്നാൽ സൂചന (8) പ്രാകാരം ശ്രീമതി. ആൻസി സന്തോഷിന് തദ്ദേശസ്വയം ഭരണ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ നിയമന ശുപാർശ ലഭിച്ചതിനാൽ മാതൃ വകുപ്പിൽ തിരികെ പ്രവേശിപ്പിക്കുവാൻ താല്പര്യമില്ലെന്ന് മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പിനെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാരിയെ സൂചന (9) പ്രകാരം മാതൃ വകുപ്പിൽ തിരികെ പ്രവേശിപ്പിച്ച് ലാവണം നൽകിയ ഉത്തരവ് റദ്ദ് ചെയ്തിട്ടുള്ളതിനാൽ ടിയാരിയെ തദ്ദേശസ്വയം ഭരണ വകുപ്പിൽ ഒന്നാം തരം ഓവർസിയറായി നിലനിർത്തിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ടിയാരി ഈ വകുപ്പിൽ നിന്നും വിടുതൽ ചെയ്തിട്ടില്ലാത്തതുമാണ്.

ശ്രീമതി. ആൻസി സന്തോഷ്, ഒന്നാംതരം ഓവർസിയർ

ചീഫ് എഞ്ചിനീയർ

പകർപ്പ്: 1.എക്സിക്യൂട്ടീവ് എഞ്ചിനീയർ, ത.സ്വ.ഭ.വ ഡിവിഷൻ, ഇടുക്കി
2.ഡയറക്ടർ, മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പ്